**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 75 — 26.09.2016 ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ റെയിൽ പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ. ഹൈബി ഈഡൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. പി.ടി.തോമസ്

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (എ) | പദ്ധതിയുടെ റീച്ച് ഒന്നിന്റെ (ആലുവ മുതൽ പാലാരിവട്ടം വരെ) പൂർത്തീകരണത്തിന് വേണ്ട നടപടി ക്രമങ്ങൾ ചുവടെ ചേർക്കുന്നു.<br>(i) ആർ.ഡി.എസ്.ഒ. (Research, Designs & Standard Organization) യുടെ പരീക്ഷണ ഓട്ടം.<br>(ii) സംയോജിത പരീക്ഷണ ഓട്ടം.<br>(iii) സ്വതന്ത്രമായുള്ള സുരക്ഷാ പരിശോധകരുടെ ക്രമാനുസൃതമായ അംഗീകാരം. |
| (ബി) | എന്തെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | റീച്ച് ഒന്നുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>(i) സിവിൽ ജോലികൾ പൂർത്തീകരിച്ചു കഴിഞ്ഞു.<br>(ii) സ്റ്റേഷനുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.<br>(iii) മുട്ടം മുതൽ പാലാരിവട്ടം വരെയുള്ള ട്രാക്കുകളുടെയും അവ ചലനാത്മകമാക്കുന്നതിന്റെയും ജോലികൾ പൂർത്തിയായിക്കഴിഞ്ഞു. മറ്റു സിസ്റ്റം ജോലികൾ പൂർത്തീകരിച്ചു വരുന്നു. |
| (സി) | എന്തെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടക്കാനുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | പദ്ധതിയുടെ റീച്ച് ഒന്നിന്റെ (ആലുവ മുതൽ പാലാരിവട്ടം വരെ) പൂർത്തീകരണത്തിന് വേണ്ട നടപടി ക്രമങ്ങൾ ചുവടെ ചേർക്കുന്നു.<br>(i) ആർ.ഡി.എസ്.ഒ. (Research, Designs & Standard Organization) യുടെ പരീക്ഷണ ഓട്ടം.<br>(ii) സംയോജിത പരീക്ഷണ ഓട്ടം.<br>(iii) സ്വതന്ത്രമായുള്ള സുരക്ഷാ പരിശോധകരുടെ ക്രമാനുസൃതമായ അംഗീകാരം. |
| (ഡി) | പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) | ആലുവ മുതൽ പാലാരിവട്ടം വരെയുള്ള റീച്ച് ഒന്ന് 2017 ഏപ്രിൽ മാസം കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ